**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3232** **04-08-2021 - ൽ മറുപടിയ്ക്ക്**

**വിദഗ്ധ ചികിത്സക്ക് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം** | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | മഞ്ചേരി മെഡിക്കൽ കോളേജിലെ പ്രസവ ചികിത്സയെ തുടർന്ന് ഒന്നരവർഷമായി അബോധാവസ്ഥയിലായ പട്ടികജാതി കുടുംബാംഗമായ , മലപ്പുറം ജില്ലയിലെ മുതുവല്ലൂർ ഗ്രാമപഞ്ചായത്തിൽപ്പെട്ട ശ്രീ. മാനീരി കൊറ്റൻ മകൾ ശ്രീമതി. പ്രമീളയുടെ വിദഗ്ധ ചികിത്സക്ക് ആരോഗ്യ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്നും വേണ്ട ചികിത്സ നൽകിയതിന് ശേഷം വിദഗ്ധ ചികിത്സയ്ക്കായി കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലേയ്ക്ക് റഫർ ചെയ്തിട്ടുണ്ട്. |
| (ബി) | ടിയാളെ പ്രസവാനന്തരം കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിലേക്ക് റഫർ ചെയ്യാൻ ഇടയായ സാഹചര്യം വിശദമാക്കുമോ; | (ബി) | മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്നും ഇവരെ സ്വകാര്യ ആശുപത്രിയിലേയ്ക്ക് റഫർ ചെയ്തിട്ടില്ല. |
| (സി) | ചികിത്സാ പിഴവ് സംബന്ധിച്ച് കുടുംബത്തിന്റെ പരാതി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) | പരാതി സർക്കാരിൽ ലഭിക്കുകയും ആയത് 11.04.2020 ലെ ബി4/80/2020/ആ.കു.വ കത്ത് പ്രകാരം റിപ്പോർട്ടിനായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ഇതേ മെഡിക്കൽ കോളേജിൽ താൽക്കാലിക ജീവനക്കാരിയായിരുന്ന ടിയാൾക്ക് പി.എസ്.സി. വഴി സ്ഥിരം നിയമനം ലഭിച്ചത് രോഗാവസ്ഥയിൽ തുടരുമ്പോൾ ആയതിനാൽ രോഗമുക്തി നേടും വരെ ജോലിയിൽ പ്രവേശിക്കുന്നതിന് ഇളവ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | മലപ്പുറം ജില്ലയിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് II ആയി ജോലിയിൽ പ്രവേശിക്കുന്നതിന് 6 മാസത്തെ സമയം കൂടി അനുവദിയ്ക്കണമെന്നുള്ള അപേക്ഷ എച്ച്2/14/2021/ആ.കു.വ നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു. |
| (ഇ) | പ്രസ്തുത വിഷയത്തിൽ ഉയർന്ന പരാതിയും നിലവിലെ അവരുടെ ആരോഗ്യ സ്ഥിതിയും പരിശോധിക്കുന്നതിന് വിദഗ്ധ സമിതി രൂപീകരിച്ച് റിപ്പോർട്ട് തേടുന്നതിന് നടപടി സ്വകരിക്കുമോ? | (ഇ) | മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചശേഷം ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ